# SYRO MALANKARA CATHOLIC CHURCH

## ARCHDIOCESE OF TIRUVALLA

Most Rev. Dr. Thomas Mar Koorilos
Metropolitan Archbishop of Tiruvalla

Catholic Archbishops' House, Marygiri,
P. B. No. 4, Tiruvalla – 689 101.

Circular No.6/2015

25/09/2015

**അനുഭവവും അനുഭൂതിയുമായി മാറിയ 85–ാം പുനരൈക്യ വാർഷികാഘോഷങ്ങളിലെ ദിവ്യനടത്തിപ്പും**

ദൈവം കൂടെയിരുന്ന് വഴിനടത്തുന്നതിന്റെ അനേകം അനുഭവങ്ങൾ നല്കികൊണ്ട് 85–ാം പുനരൈക്യവാർഷികം സമാപിച്ചു.പുനരൈക്യത്തിന്റെ ആദ്യ നാളുകളിലെ ക്ലേശകാലത്ത് പുണ്യ പിതാക്കന്മാരുടെ പ്രാർത്ഥന കൊണ്ട് സ്നിഗ്ധവും കണ്ണീരുകൊണ്ട് തപ്തവുമായ മണ്ണിൽ ഒരിക്കൽക്കൂടി മലങ്കര കത്തോലിക്കസഭ പ്രാർത്ഥനാപൂർവ്വം ഒത്തുചേർന്നു.വന്ദ്യരായ അഞ്ചുപിതാക്കന്മാരുടെ കബറിടങ്ങളിലേക്കുള്ള തീർത്ഥാടനപദയാത്രയോടെയാണ് സംഗമം സമാപിച്ചത്. ഒരുപക്ഷെ,തിരുവനന്തപുരത്തും തിരുവല്ലയിലും മാത്രമേ ഇത്തരമൊരു പദയാത്ര സാദ്ധ്യമാകൂ.അവരുടെ സന്തോഷം നമുക്ക് ദർശിക്കാനാവും.നിങ്ങളോട് ചേർന്ന് ദൈവത്തെ മഹത്വപ്പെടുത്തുവാൻ ഞാൻ ഈ അവസരം പ്രയോജനപ്പെടുത്തുന്നു.പുനരൈക്യപാതയിൽ ഇടറാതെയും പതറാതെയും ക്ലേശങ്ങളുടെ മദ്ധ്യേ വിശ്വാസനൗക നയിച്ച പിതാക്കന്മാരെ ---- തീർത്ഥാടനപിതാക്കന്മാരെ ---- സാക്ഷീകരിക്കുകയും സ്ഥിരീകരിക്കുകയും ചെയ്ത ദൈവത്തിന് അനവരതം നന്ദികരേറ്റാം.പരിശുദ്ധദൈവമാതാവിന്റെ സ്തോത്രഗീതം ഭാവതീവ്രതയോടെ നമുക്കും ആലപിക്കാം.

" എന്റെ ദേഹി കർത്താവിനെ പുകഴ്ത്തുന്നു;
എന്റെ ചിത്തം രക്ഷകനിൽ ആനന്ദിക്കുന്നു.
തലമുറകൾ എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും.
ശക്തനായ ദൈവം വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു.
തന്നെ ആശ്രയിക്കുന്നവരിൽ തലമുറകൾ തോറും കാരുണ്യ
വർഷമുണ്ടാകും"(1k 1:46-55)

നമ്മുടെ പിതാക്കന്മാരുടെ ദൈവഭയത്തിലും,നമ്മുടെ ദൈവാഭയത്തിലും കരുണ വർഷിച്ച ദൈവത്തിനു സ്തുതി.

ഒരു വർഷക്കാലം നാം പ്രാർത്ഥിച്ചൊരുങ്ങുകയായിരുന്നു.വലിയ അനുഗ്രഹമാണ് നമുക്കുണ്ടായത്;വലിയ സന്തോഷമാണ് നമുക്ക് ലഭിച്ചത്.നമ്മുടെ പ്രാർത്ഥന സഫലമായി. നമ്മുടെ സഭയുടെ നന്മകൾ വിളംബരം ചെയ്യുവാൻ കഴിഞ്ഞു.നമ്മുടെ ദർശനവും ജീവിതസമീപനങ്ങളും മുൻഗണന ക്രമങ്ങളും പ്രഘോഷിക്കുവാൻ നമുക്ക് സാധിച്ചു.

മൂന്നു ദിവസങ്ങളിലായി നടത്തിയ ശുശ്രൂഷകൾ ഏറെ ഹൃദ്യവും,പ്രസക്തവും,പ്രചോദനാത്മകവുമായിരുന്നു.നാമെടുത്ത വേറിട്ട സമീപനത്തെ അനേകർ മനസ്സിലാക്കുകയും,ഇത് കേവലം ഒരു പ്രവൃത്തിയല്ല ശൈലീ മാറ്റത്തിന്റെ സൂചനയായി എടുത്തുകാട്ടുകയും ചെയ്തിട്ടുണ്ട്.നമ്മുടെ സംഘടനാപാടവമോ,വിഭവശേഷിയുടെ വിന്യാസമോ,സാമർത്ഥ്യമോ കുശലതയോ ഒന്നുമല്ല ഈ ദിനങ്ങളെ വിജയത്തിലെത്തിച്ചത്.പിന്നെയോ വലിയവനായ ദൈവം കൂടെ നിന്നു നമ്മെ നയിക്കുകയായിരുന്നു.ദൈവദാസൻ മാർ ഈവാനിയോസ്,ദൈവദൂതൻ മാർ തേയോഫിലോസ്,ധീരനായ മാർ സേവറിയോസ്,വിനയാന്വിതനായ മാർ ദിയസ്കോറോസ്,ക്രാന്തദർശിയായ മാർ അത്തനാസ്സിയോസ്,നിഷ്കപടനായ മാർ യൂഹാനോൻ,താപസ്സനായ മാർ പീലക്സിനോസ് എന്നീ നമ്മുടെ പിതാക്കന്മാരെയും, വിശ്വപൗരനായ മാർ ഗ്രീഗോറിയോസ്,സഭാദർശനപടുവായ സിറിൽ മാർ ബസ്സേലിയോസ് കാതോലിക്കബാവ,പാവങ്ങളുടെ പക്ഷത്ത് നിന്നും സഭയ്ക്ക് ദിശാബോധം നല്കിയ മാർ എഫ്രേം എന്നീ പിതാക്കന്മാരെയും പൊതു സമൂഹത്തിൽ ദൈവം സ്ഥിരീകരിച്ച് അനുഗ്രഹിച്ച അനുഭവം നമുക്ക് സ്വന്തമാക്കുവാൻ കഴിഞ്ഞു.

നമ്മുടെ വാർഷികകൂടി വരവ് അനേകർക്ക് ജീവസമൃദ്ധി പങ്കുവെയ്ക്കുവാൻ അവബോധം നൽകി.പ്രകാശമായ യേശുനാഥനെ പ്രഘോഷിക്കുവാനുള്ള വേദിയായി.മാർ ഈവാനിയോസ് പിതാവിന്റെ പുനരൈക്യമിഷനും അക്രൈസ്തവരുടെ ഇടയിൽ ഫലപ്രദമായി ദൈവവചനം പ്രസംഗിക്കുവാനുള്ള ദൗത്യവും,പിതാവ് ആദ്യകാലത്ത് ജീവിച്ച പവിത്രമായ മണ്ണിൽ നമ്മുടെ പ്രതീക്ഷയെ അതിലംഘിച്ച് പൂർത്തിയാക്കുവാൻ ദൈവം കനിഞ്ഞതിലെ ദിവ്യനടത്തിപ്പ് എത്ര അത്ഭുതാവഹം! പ്രിയ ഗോപികയുടെ തിളങ്ങുന്ന കണ്ണുകളിലൂടെ കണ്ടതും നാവിലൂടെ മനം കുളിർക്കെ കേട്ടതു അതാണല്ലോ.ഇങ്ങനെ സന്തോഷ പ്രചുരിമയിൽ സമാപിച്ചു നമ്മെ അനുഗ്രഹിച്ച നല്ല ദൈവം വാഴ്ത്തപ്പെടട്ടെ.

മാനുഷികമായ നമ്മുടെ അദ്ധ്വാനത്തിലൂടെയാണ് ദൈവത്തിന് നമ്മുടെ പ്രവർത്തനങ്ങളിൽ സന്നിഹിതനാകുവാൻ കഴിയുക. നാമെല്ലാവരും ഒരു മനസ്സോടെയും മുഴുമനമോടെയും സഹകരിച്ചും അതിലുപരി വിനയാന്വിതമായ പ്രാർത്ഥനയോടും സേവനസന്നദ്ധതയോടും കൂടി ദൈവമഹത്വത്തിനുവേണ്ടി അദ്ധ്വാനിച്ചു.പൊന്നുതമ്പുരാൻ നമ്മുടെ സമർപ്പണത്തെ ഏറ്റവും നല്ല നൈവേദ്യമായി സ്വീകരിച്ചു.ഈ കാര്യങ്ങൾക്കെല്ലാം വലിയ വൈഭവത്തോടും ശാസ്ത്രീയമായും നേതൃത്വം നൽകിയ അഭി.സ്തേഫാനോസ് പിതാവിനെയും,നിഴൽപോലെ കൂടെ നിന്നും പ്രാർത്ഥന കൊണ്ടും പ്രശാന്തമായും ചുക്കാൻ പിടിച്ച ബഹു.ജനറാ ളച്ചനെയും,പ്രധാനവേദിയായ തിരുമൂലപുരത്തെയും മെത്രാപ്പോലീത്തൻ കത്തീഡ്രലിലെയും വികാരി അച്ചന്മാരെയും അവർക്കൊപ്പം നിന്ന കൺവീനർമാരായ ബഹു വൈദികരെയും, സന്യസ്തരെയും, പാസ്റ്ററൽ കൗൺസിൽ, അത്മായ നേതാക്കന്മാർ, വൈദിക വിദ്യാർത്ഥികൾ, ദൈവജനം ഇവരെയും നന്ദിയോടെ ഓർക്കുന്നു.

ഇക്കാര്യങ്ങളിൽ എല്ലാരീതിയിലും സഹായിക്കുകയും സഹകരിക്കുകയും ചെയ്ത മക്കളെ, വിശിഷ്യ കുവൈത്ത്,ദോഹ,യു.എ.ഇ ഇവിടങ്ങളിലെയും,മറ്റുസ്ഥലങ്ങളിലെയും മക്കളെയും നന്ദിയോടെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. നമ്മുടെ നല്ല അയൽവാസികൾ,തിരുമൂലപുരം ഓർത്തഡോക്സ് ഇടവക,ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്ര ഭാരവാഹികൾ,തിരുമൂലപുരം എൻ.എസ്സ്.എസ്സ്,എസ്സ്.എൻ.ഡി.പി എന്നിവയുടെ ഭാരവാഹികൾ,ബാലികാമഠം സ്കൂൾ,എം.ജി.എം സ്ക്കൂൾ തുടങ്ങി എല്ലാവരെയും നന്ദിയോടെ നമുക്കോർക്കാം.നമ്മുടെ ഗവൺമെന്റ് ഒഫീഷ്യൽസും,പോലീസ് അധികാരികൾ,പത്രമാദ്ധ്യമങ്ങൾ,ദൃശ്യമാദ്ധ്യമങ്ങൾ ഇവരോടുള്ള നന്ദിയും നിസ്സീമമാണ്.

നാം അതിരൂപതയായി മാർ ഈവാനിയോസ് പിതാവിനെ ഏറെ ആദരിച്ച ഒരു സമയമായി ഞാൻ ഇതിനെ കാണുന്നു.പിതാവിന്റെ മദ്ധ്യസ്ഥ ശക്തി വർണ്ണനാതീതമാണ്.ചുറ്റുവട്ടങ്ങളിൽ മഴകോരിച്ചൊരിഞ്ഞപ്പോൾ ഒരു ചെറിയ കാറ്റടിച്ച് ദൈവത്തിന്റെ വിസ്മയനീയമായ ഇടപെടൽ നാം കാണുകയുണ്ടായി.വന്ദ്യപിതാക്കന്മാരുടെ ത്യാഗത്തെ അനശ്വരമാക്കുവാൻ വേണ്ടിയാണ് മലങ്കരയുടെ പിതൃഭവനം--ബേസു ആബോദ് മലങ്കര--പണികഴിപ്പിച്ചത്. പ്രിയമക്കളേ നാം കുടുംബങ്ങളായും ഇടവകയായും ഈ പുണ്യഭവനത്തിലേക്ക് വരണം.ഏതൊരു കാര്യവും ദൈവം വന്ദ്യപിതാക്കന്മാരിലൂടെ സാദ്ധ്യമാക്കിത്തരും.

ശനിയാഴ്ചകളിൽ വൈകിട്ട് 6 മണിക്ക് സന്ധ്യാ പ്രാർത്ഥനയും,മാസത്തിലെ എല്ലാ 15–ാം തീയ്യതി വൈകിട്ട് വി.കുർബ്ബാനയും അവിടെ ഉണ്ടാകും. ആത്മീയമായ ഉപദേശം തേടുന്നതിനും സ്വസ്ഥമായിരുന്ന് പ്രാർത്ഥിക്കുന്നതിനും,പുണ്യപിതാക്കന്മാർ ഉപയോഗിച്ച പല വിശിഷ്ട വസ്തുക്കൾ കാണുന്നതിനും ഒക്കെയുള്ള സൗകര്യമുണ്ടായിരിക്കും.ഭാരതീയ വാസ്തു ശില്പകലയിൽ പണിതീർത്തതാണ് ഈ മന്ദിരം. പ്രാർത്ഥനകൊണ്ട് ഈ ശുശ്രൂഷയെ പുലർത്തിയ ഒരു പാട് മക്കളുണ്ട് എല്ലാവരോടുമുള്ള സ്നേഹവും നന്ദിയും തൊഴുകൈകളോടെ അഞ്ജലീബദ്ധനായി ഞാൻ സമർപ്പിക്കുന്നു.

നമ്മുടെ അതിരൂപതയുടെ തൃദീയ മെത്രാൻ,ആരാധന പൈതൃകത്തിന്റെ കാവൽപടയാളിയുമായിരുന്ന അഭിവന്ദ്യ അത്തനാസ്സിയോസ് പിതാവിന്റെ 38–ാംമത് ഓർമ്മ സെപ്റ്റംബർ 27–28 ഞായർ–തിങ്കൾ ദിവസങ്ങളിലായി കത്തീഡ്രൽ ദൈവാലയത്തിൽ നടത്തപ്പെടുകയാണ്.ഞായറാഴ്ച 6 മണിക്ക് സന്ധ്യാ പ്രാർത്ഥനയും തിങ്കളാഴ്ച രാവിലെ 6.30 ന് വി.കുർബ്ബാനയും കബറിങ്കൽ ധൂപാർച്ചനയും നേർച്ച വിളമ്പും ഉണ്ടായിരിക്കുന്നതാണ്.സമയ ക്രമീകരണം ഇപ്രകാരം ചെയ്തത് തിങ്കളാഴ്ച പ്രവൃത്തി ദിവസമായതുകൊണ്ടാണ്.

അതിഭദ്രാസനത്തിലെ വൈദികരുടെ വാർഷികധ്യാനം 2015 ഒക്ടോബർ 5 മുതൽ 9 വരെ തീയ്യതികളിൽ പാല പാസ്റ്ററൽ സെന്ററിൽ വെച്ച് അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് നയിക്കുന്നു.കൃപയുടെ ഈ കൂടിവരവിൽ എല്ലാ അച്ചന്മാരും സംബന്ധിക്കണം.ധ്യാനത്തിൽ നിന്നു അകന്നു നിൽക്കാൻ ആരെയും അനുവദിക്കുന്നില്ല.ഗൗരവമായ അസൗകര്യമുണ്ടാകുന്നപക്ഷം എന്നിൽ നിന്ന് അനുവാദം വാങ്ങേണ്ടതാണ്.എല്ലാവർക്കും വലിയ കൃപയുടെ ദിനങ്ങൾ ആശംസിക്കുന്നു.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. നിങ്ങൾക്ക് എല്ലാ നന്മകളും നേർന്നുകൊണ്ട്,

ക്രിസ്തു യേശുവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,



✠ തോമസ് മാർ കൂറിലോസ്

മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്, തിരുവല്ലാ അതിഭദ്രാസനം.

---

NB: ഈ സർക്കുലർ അടുത്ത ഞായറാഴ്ച നമ്മുടെ എല്ലാ ദൈവാലയങ്ങളിലും വി. കുർബാന അർപ്പിക്കുന്ന കേന്ദ്രങ്ങളിലും പരസ്യമായി വായിക്കേണ്ടതാണ്.